# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/99/2018 2018 മെയ് 11

## പത്രക്കുറിപ്പ്

### പുതുക്കിയ പരീക്ഷാ തീയതി

മെയ് മാസത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2017 അഡ്മിഷൻ) പരീക്ഷകൾ ജൂലൈ 2 മുതൽ ആരംഭിക്കുവാൻ പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ പിന്നീട്.

### പരീക്ഷാഫലം

2017 ജൂൺ മാസത്തിൽ എറ്റുമാനൂർ ജയ്നി കോളേജ് ഓഫ് അലൈഡ് ആന്റ് ഹെൽത്തിൽ നടത്തിയ നാലാം സെമസ്റ്റർ സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 19 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ ഒന്നും മൂന്നും വർഷ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 22 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം. റഗുലർ (2014 അഡ്മിഷൻ), സപ്ലിമെന്ററി (2013 അഡ്മിഷൻ & 2013ന് മുമ്പുള്ള അഡ്മിഷൻ), 2017 ജൂലൈ മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എച്ച്.എം. റഗുലർ (2015 അഡ്മിഷൻ), സപ്ലിമെന്ററി (2014 അഡ്മിഷൻ & 2013ന് മുമ്പുള്ള അഡ്മിഷൻ), 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എച്ച്.എം. റഗുലർ (2016 അഡ്മിഷൻ), സപ്ലിമെന്ററി (2013 അഡ്മിഷൻ മുതൽ), ഒക്ടോബർ മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എച്ച്.എം. റഗുലർ (2014 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 24 വരെ അപേക്ഷിക്കാം.

### ബി.ടെക് ഉത്തരക്കടലാസ്

2018 മെയ് 9ന് ആരംഭിച്ച വിവിധ സെമസ്റ്റർ ബി.ടെക് പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഒന്നാംഘട്ടം മെയ് 17നും രണ്ടാംഘട്ടം ജൂൺ 5നും ബന്ധപ്പെട്ട കോളേജുകളിൽ നിന്നും സിൽവർ ജൂബിലി പരീക്ഷാഭവന സമീപമുള്ള കെട്ടിടത്തിൽ (അനക്സ്) എത്തിക്കേണ്ടതാണ്.

### കോളേജ് പ്രവേശനം: മെരിറ്റും സാമൂഹ്യനീതിയും ഉറപ്പാക്കും: ഡോ. ബാബു സെബാസ്റ്റ്യൻ

കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. 2018-19 അദ്ധ്യയന വർഷത്തിലെ പ്രവേശന നടപടികളുടെ ഭാഗമായി, കോളേജ് പ്രിൻസിപ്പൽമാർ, പ്രവേശന ചുമതലയുള്ള അദ്ധ്യാപകർ, ജീവനക്കാർ എന്നിവർക്കായി സർവ്വകലാശാലയിൽ നടത്തിയ ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് ആശാസ്യമല്ലാത്ത പ്രവണതകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അത് തടഞ്ഞ് പ്രവേശന പ്രക്രിയയിൽ മാനുഷികമുഖം നിലനിർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പാലിക്കണമെന്നും വൈസ് ചാൻസലർ പറഞ്ഞു. വിദ്യാർത്ഥി പ്രവേശനത്തിൽ സുതാര്യതയും മൂല്യങ്ങളും പാലിക്കുന്നതിന് കോളേജ് മാനേജ്മെന്റിനോടും അധികൃതരോടും വൈസ് ചാൻസലർ ആഹ്വാനം ചെയ്തു. ഹയർ ഓപ്ഷൻ വഴി മറ്റു കോളേജുകളിൽ പ്രവേശനം ലഭിച്ചുപോകുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിച്ചാലുടൻ വിടുതൽ സർട്ടിഫിക്കറ്റ് നൽകുകയും

അങ്ങനെയുള്ളവർക്ക് അടച്ച ഫീസ് പൂർണ്ണമായും തിരികെ നൽകുകയും ചെയ്യണമെന്ന് കോളേജധികൃതർക്ക് നിർദ്ദേശം നൽകി. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റംഗം പ്രൊഫ. വി.എസ്. പ്രവീൺകുമാർ, ജോയിന്റ് രജിസ്ട്രാർ കെ. കോമളവല്ലി, ഡെപ്യൂട്ടി രജിസ്ട്രാർ കെ. സുനിൽബാബു എന്നിവർ സംസാരിച്ചു. അനീഷ് കെ.സി. പരിശീലന ക്ലാസ്സിന് നേതൃത്വം നൽകി. സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിന്നും അഞ്ഞൂറോളം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ പങ്കെടുത്തു.

**എം.ജി.യിൽ ത്രിദിന നാനോ സെമിനാറിന് തുടക്കം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ കോൺഫറൻസ് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഭാരതരത്ന പ്രൊഫ. സി.എൻ.ആർ. റാവു ഉദ്ഘാടനം ചെയ്തു. ജലത്തിന്റെ രാസ വിഘടനത്തിലൂടെയുള്ള ഹൈഡ്രജന്റെ നിർമ്മാണത്തിന് ബോറോൺ കാർബോനൈട്രേഡ് മെറ്റീരിയൽ മികച്ച രാസത്വരകമാണ് എന്ന നവീനമായ കണ്ടുപിടിത്തം പ്രൊഫ. സി.എൻ.ആർ. റാവു ഉദ്ഘാടന പ്രഭാഷണത്തിൽ അവതരിപ്പിച്ചു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, IIUCNN ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ഹന്ന ജെ മരിയ എന്നിവർ സംസാരിച്ചു. ഉദ്ഘാടന യോഗത്തിൽ പ്രൊഫ. റാവുവിന് ഹൈബ്രിഡ് ചെയർ ഫെല്ലോഷിപ്പ് നൽകി ആദരിച്ചു. യോഗത്തിൽ അപ്പോളോ ടയേഴ്സിലെ ഡോ. പി.കെ. മുഹമ്മദിന് മികച്ച സഹപ്രവർത്തകനുള്ള പുരസ്കാരം സമർപ്പിച്ചു. സർവ്വകലാശാലയിൽ ആയിരംകോടി മുതൽമുടക്കുള്ള പുതിയ ശാസ്ത്രലാബ് ഒരു വർഷത്തിനുള്ളിൽ പ്രവർത്തനസജ്ജമാകുമെന്ന് വൈസ് ചാൻസലർ പറഞ്ഞു. 11 മുതൽ 13 വരെ നടക്കുന്ന, 300ൽപ്പരം ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന നാനോ സംഗമത്തിൽ 'ഹൊറൈസൺ 2020' എന്ന പേരിൽ അന്തർദ്ദേശീയ ഗവേഷണ സാദ്ധ്യതകളെ പരിചയപ്പെടുത്തുന്ന ബ്രെയിൻ സ്ട്രോമിംഗ് സെഷനും ഉണ്ടായിരിക്കും.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ കോൺഫറൻസ് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഭാരതരത്ന പ്രൊഫ. സി.എൻ.ആർ. റാവു ഉദ്ഘാടനം ചെയ്യുന്നു**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി സംഘടിപ്പിക്കുന്ന അന്തർദ്ദേശീയ കോൺഫറൻസിൽ എം.ജി. സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**